പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *291

1612.2015-ൽ മറുപടിക്ക്

## കാലിത്തീറ്റ ലഭ്യത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ)<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.സി.കൃഷ്ണൻ | | ശ്രീ.കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള സർക്കാർതല സംവിധാനങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ ; | (എ) | ക്ഷീരവികസന വകുപ്പിന് കീഴിലുള്ള സഹകരണ സ്ഥാപനമായ മിൽമയുടേതായി ആലപ്പുഴ ജില്ലയിലെ പട്ടണക്കാടും പാലക്കാട് ജില്ലയിലെ മലമ്പുഴയിലുമായി 2 കാലിത്തീറ്റ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ പ്ലാന്റിനും ദിവസേന 300 ടൺ കാലിത്തീറ്റ ഉല്പാദിപ്പിക്കുവാനുള്ള ശേഷിയുണ്ട്.<br>മൃഗസംരക്ഷണവകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡ് പ്രതിദിനം 1000 ടൺ കാലിത്തീറ്റ ഉല്പാദിപ്പിച്ച് ന്യായമായ വിലയ്ക്ക് കേരളത്തിലുടനീളം വിപണിയിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരിയിൽ 300 ടൺ കാലിത്തീറ്റയും 60 ടൺ ആട്ടിൻ തീറ്റയും പ്രതിദിന ഉല്പാദനശേഷിയുള്ള ഫാക്ടറി നിർമ്മാണം പൂർത്തിയായി ട്രയൽ റൺ നടത്തിവരികയാണ്. കൂടാതെ ഇടുക്കി ജില്ലയിലെ തൊടുപുഴക്കടുത്ത് 500 ടൺ പ്രതിദിന ഉല്പാദനശേഷിയുള്ള ഫാക്ടറിയുടെ പ്രാഥമിക നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>തീറ്റച്ചെലവ് കുറച്ച് ക്ഷീരോല്പാദനം ലാഭകരമാക്കുന്നതിന് വർഷം മുഴുവനും തീറ്റപ്പുല്ല് ലഭ്യമാക്കുന്നതിലേയ്ക്കായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ക്ഷീരകർഷകർ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും 1 രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡിയും വകുപ്പ് നല്കിവരുന്നുണ്ട്. |
| (ബി) പ്രസ്തുത സംവിധാനങ്ങൾ മുഖേന ഉല്പാദിപ്പിക്കപ്പെടുന്ന കാലിത്തീറ്റ ക്ഷീരകർഷകരുടെ ആവശ്യത്തിന് പര്യാപ്തമാണോ; | (ബി) | ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും ലഭിക്കുന്ന ഇൻഡന്റ് പ്രകാരം ആവശ്യമായ കാലിത്തീറ്റ എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ മിൽമ ഒരുക്കിയിട്ടുണ്ട്. കൂടുതലായി ആവശ്യകത ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ഇതര കാലിത്തീറ്റ ഫാക്ടറികളുമായി ഉടമ്പടിയിൽ ഏർപ്പെട്ട ശേഷം മിൽമയുടെ ഫോർമുല അനുസരിച്ച് തീറ്റ ഉല്പാദിപ്പിച്ച് |

വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങളും മിൽമയ്ക്കുണ്ട്.

കേരളാ ഫീഡ്സ് നിലവിലുള്ള പ്രതിദിന 1000 ടൺ ഉല്പാദനവിപണനശേഷി ഉടൻ തന്നെ 1300 ടണ്ണായി വർദ്ധിപ്പിക്കുന്നതാണ്. തൊടുപുഴ ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ നിലവിലുള്ള ഉല്പാദനവിപണന ശേഷി 1800 ടണ്ണായി വർദ്ധിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | കേരള ഫീഡ്സും മിൽമയും അവരുടെ കാലിത്തീറ്റ ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചിട്ടുണ്ടോ ; | (സി) | വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഈ വില വർദ്ധനവ് ക്ഷീരകർഷകരെ ദുരിതത്തിലാഴ്ത്തിയ കാര്യം സർക്കാരിനറിയാമോ; | (ഡി) & (ഇ) | അസംസ്കൃത വസ്തുക്കൾക്ക് അനിയന്ത്രിതമായ വിലക്കയറ്റം ഉണ്ടായതു കൊണ്ടാണ് വില വർദ്ധന വേണ്ടി വന്നത്. കർഷകർക്ക് ആശ്വാസം എന്ന നിലയ്ക്ക് മിൽമയുടെ മേഖലാ യൂണിയനുകൾ സ്വന്തം പ്രവർത്തന ഫണ്ടിൽ നിന്നും കാലിത്തീറ്റയ്ക്ക് സബ്സിഡിയും ഇൻസെന്റീവുകളും നല്കിവരുന്നുണ്ട്.<br>കേരളാ ഫീഡ്സ് ലിമിറ്റഡ് ക്ഷീരകർഷകർക്ക് കഴിഞ്ഞ വർഷം കാലിത്തീറ്റ വിലയിൽ ഡിസ്കൗണ്ട് ഇനത്തിൽ 6 കോടിയിൽപരം രൂപ നല്കിയിട്ടുണ്ട്.<br>ക്ഷീരവികസന വകുപ്പ് മുഖേന 2015-2016 ൽ 12.5 കോടി രൂപ കാലിത്തീറ്റ സബ്സിഡി നല്കിയിട്ടുണ്ട്. പുൽക്കൃഷി വ്യാപകമാക്കുന്നതിനായി പലവിധ സാമ്പത്തികസഹായങ്ങളും നല്കിവരുന്നുണ്ട്. കേരളാ ഫീഡ്സിന്റെ കാലിത്തീറ്റ ഉല്പാദനം താമസിക്കാതെ പ്രതിദിനം 1800 ടൺ ആയി വർദ്ധിപ്പിക്കുന്നതാണ്. |
| (ഇ) | ന്യായമായ വിലയിൽ ആവശ്യത്തിനനുസരിച്ച് സംസ്ഥാനത്തിനുള്ളിൽ തന്നെ ഗുണമേന്മയുള്ള കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?. | | |

സെക്ഷൻ ഓഫീസർ